13/1/25 F4 19

ഗവ: മെഡിക്കൽ കോളേജ്, തൃശ്ശൂർ
മെഡിക്കൽ കോളേജ് പി.ഒ, തൃശ്ശൂർ-680596
ഫോൺ/ഫാക്സ് : 0487 2201355
ഫോൺ : 0487-2200310 - 2200319
ഇ-മെയിൽ : principalmctcr@gmail.com

GOVT. MEDICAL COLLEGE, THRISSUR
Medical College P.O, Thrissur-680596
Direct Tel / Fax : 0487 2201355
Ph: 0487-2200310 to 2200319
E-mail: principalmctcr@gmail.com
Website : www.mctsr.org

Regd post ~~with A/D~~

**നം.ജി.എം.സി.ടി.സി.ആർ /1440/ 2024 -ഇ4** **തീയതി : #ApprovedDate#**

## നോട്ടീസ്

**വിഷയം:-** മെ.കോ.തൃ. - ജീവനക്കാര്യം - ഡോ. രൺദീപ് എ എം, അസിസ്റ്റന്റ് പ്രൊഫസ്സർ, അനസ്തേഷ്യോളജി വിഭാഗം - അനധികൃതമായി അവധിയിൽ തുടരുന്നതിനാൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നോട്ടീസ് അയക്കുന്നത് സംബന്ധിച്ച്:-

**സൂചന:-** 1. കത്ത് നം. മെ.വി.വ /*6611* / **2024** - എഫ് 4

തീയതി **02.11.2024**

മേൽസൂചന പ്രകാരം, തൃശൂർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ, ഡോ. രൺദീപ് എ എം എന്ന താങ്കൾ **18.06.2024** മുതൽ അനധികൃതമായി അവധിയിൽ തുടരുന്നതിനാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കണമെന്നു അറിയിച്ചു നോട്ടീസ് നൽകണമെന്ന് മേൽസൂചന പ്രകാരം ഡി എം ഇ യിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഈ കത്ത് കൈപ്പറ്റി താങ്കൾ എത്രയും പെട്ടെന്ന് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ അറിയിക്കുന്നു.താങ്കൾ യഥാസമയം ജോലിക്ക് ഹാജരായില്ലായെങ്കിൽ ടി വിവരം ഡി.എം.ഇ ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിക്കുന്നു.

**ഉള്ളടക്കം: മേൽപ്പറഞ്ഞത്**

**വിശ്വസ്തതയോടെ**

**പ്രിൻസിപ്പാൾ ഇൻ ചാർജ്**

**സ്വീകർത്താവ്**

**ഡോ. രൺദീപ് എ എം ,**

ആയിരപ്പറമ്പിൽ വീട്,

എടപ്പാൾ പി ഒ ,

മലപ്പുറം - 679 576

പകർപ്പ് :- 1. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

(ആമുഖ കത്തോട് കൂടി)

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6611 (2)/2023-എഫ്4** **തീയതി: 20-01-2025**

## കുറ്റാരോപണപത്രിക

തൃശൂർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. രൺദീപ് എ. എം. എന്ന താങ്കൾ **18.06.2024** മുതൽ **06.07.2024** വരെയും **07.07.2024** മുതൽ **11.09.2024** വരെയും ആർജ്ജിതാവധിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുകയും (ഫോം 13 മാത്രം) അനധികൃതമായി അവധിയിൽ പ്രവേശിയ്ക്കുകയും ചെയ്തു. അപേക്ഷ RTC ഉൾപ്പെടെ ശരിയായ മാതൃകയിൽ സമർപ്പിയ്ക്കണമെന്ന് ആവശ്യപ്പെട്ടു തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ കത്തിന് താങ്കൾ മറുപടി നൽകിയിട്ടില്ല. മേൽ പറഞ്ഞ അവധി കാലയളവ് കഴിഞ്ഞിട്ടും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല. അടിയന്തിരമായി ജോലിയിൽ പ്രവേശിയ്ക്കണമെന്നറിയിച്ച് തൃശൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ നോട്ടീസിനും താങ്കൾ മറുപടി നൽകുകയോ ജോലിയിൽ തിരികെ പ്രവേശിയ്ക്കുകയോ ചെയ്തിട്ടില്ല. താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ താങ്കൾക്കെതിരെ സർവീസ് ചട്ടങ്ങൾ അനുശാസിയ്ക്കും പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

താങ്കൾക്കെതിരെ **1960** ലെ കേരള സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ച പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക നൽകാനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ **15** ദിവസത്തെ സമയം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ പ്രതിവാദ പത്രിക ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് കൂടി അറിയിക്കേണ്ടതാണ്. അരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത രേഖകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച്

പ്രതിവാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്കു മുൻപുള്ള ഏതെങ്കിലും ദിവസം മുൻ കൂട്ടി നിശ്ചയിച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിധ്യത്തിൽ അവയിൽ നിന്നുള്ള ഉദ്ധരണികൾ എഴുതി എടുക്കാവുന്നതുമാണ്.

മേൽ പറഞ്ഞവയ്ക്ക് ആധാരമായ കുറ്റപത്രം ഇതോടൊപ്പം ചേർക്കുന്നു.

Signed by
Thomas Mathew
Date: 20-01-2025 05:24:29

**THOMAS MATHEW**

**DIRECTOR**

സ്വീകർത്താവ്:

ഡോ. രൺദീപ് എ. എം., അസിസ്റ്റന്റ് പ്രൊഫസർ,
അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ

(പ്രിൻസിപ്പാൾ മുഖാന്തിരം)

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6611 (1)/2024-എഫ്4** **തീയതി: 20-01-2025**

<u>കുറ്റപത്രം</u>

തൃശൂർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. രൺദീപ് എ. എം എന്ന താങ്കൾ **18.06.2024** മുതൽ **06.07.2024** വരെയും **07.07.2024** മുതൽ **11.09.2024** വരെയും ആർജ്ജിതാവധിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുകയും (ഫോം 13 മാത്രം) അനധികൃതമായി അവധിയിൽ പ്രവേശിയ്ക്കുകയും ചെയ്തു. അപേക്ഷ **RTC** ഉൾപ്പെടെ ശരിയായ മാതൃകയിൽ സമർപ്പിയ്ക്കണമെന്ന് ആവശ്യപ്പെട്ടു തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ കത്തിന് താങ്കൾ മറുപടി നൽകിയിട്ടില്ല. മേൽ പറഞ്ഞ അവധി കാലയളവ് കഴിഞ്ഞിട്ടും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല അടിയന്തിരമായി ജോലിയിൽ പ്രവേശിയ്ക്കണമെന്നറിയിച്ച് തൃശൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ നോട്ടീസിനും താങ്കൾ മറുപടി നൽകുകയോ ജോലിയിൽ തിരികെ പ്രവേശിയ്ക്കുകയോ ചെയ്തിട്ടില്ല. താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ താങ്കൾക്കെതിരെ സർവീസ് ചട്ടങ്ങൾ അനുശാസിയ്ക്കും പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കുറ്റപത്രം നൽകുന്നു.

Signed by
Thomas Mathew
Date: 20-01-2025 05:26:23

**THOMAS MATHEW**
**DIRECTOR**

സ്വീകർത്താവ്: ഡോ. രൺദീപ് എ. എം, അസിസ്റ്റന്റ് പ്രൊഫസർ,

അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ് ,
തൃശൂർ **(പ്രിൻസിപ്പൽ മുഖാന്തിരം)**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /6611(1)/2024-എഫ്4** **തീയതി: 22-02-2025**

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

തൃശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അയ ഡോ. രൺദീപ് എ. എം. എന്ന താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം രജിസ്റ്റേഡ് ആയി അയച്ചിട്ടുണ്ടായിരുന്നു. ആയതിൽ **18.06.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ **1960** ലെ കേരള സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ച പ്രകാരം സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് **15** ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളെ സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വികരിക്കുന്നതിന് സർക്കാരിൽ ശുപാർശ ചെയ്യുന്നതാണ്. താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തനസമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയയ്ക്കേണ്ട വ്യക്തമായ മേൽ വിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

Signed by
Thomas Mathew
Date: 22-02-2025 04:48:16

**THOMAS MATHEW**

**DIRECTOR**